(നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ 2166-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[9.30 AM] മി. സ്പീക്കർ : ഓർഡർ, ഓർഡർ, ശ്രീ. പാലോട് രവി തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. അടിയന്തിര പ്രമേയം എന്ന നിലയിൽ അതിന് പ്രസക്തി ഉള്ളതായി ചെയർ കാണുന്നില്ല. എന്നാലും പ്രധാന പ്രശ്നമായിട്ട് അത് ഇവിടെ ഉന്നയിക്കാവുന്നതാണ്. തീർച്ചയായിട്ടും ചർച്ചചെയ്യാം.

അടുത്തത് ശ്രദ്ധക്ഷണിക്കൽ, ശ്രീ. കെ.സി. വേണുഗോപാൽ.

II. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ തീരപ്രദേശം കടൽഭിത്തി നിർമ്മിച്ച് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.സി. വേണുഗോപാൽ : സർ, കേരളത്തിലെ തീരപ്രദേശങ്ങളിലുള്ള മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, തീരപ്രദേശത്തു താമസിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം പൊതുവേയും അത്യന്തം ഗുരുതരവുമായ ഒരു വിഷയം പല പ്രാവശ്യമായി ഈ സഭയിൽ കടന്നുവന്നിട്ടുള്ളതാണ്. അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ഈ സംഭവത്തിന്റെ ഗൗരവാവസ്ഥ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നിരവധി പ്രാവശ്യം ഈ പ്രശ്നം സഭയിൽ ഉന്നയിച്ചതാണ്. 560 കിലോമീറ്റർ ദൂരമാണ് നമ്മുടെ തീരപ്രദേശത്തെ കടൽത്തീരം സ്ഥിതിചെയ്യുന്നത്. ഇതിൽ 448 കിലോമീറ്ററും കടലാക്രമണ ഭീഷണിയുള്ളതാണ്. നമ്മളെ സംബന്ധിച്ച് കടലാക്രമണം എല്ലാ വർഷവും തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുകയും തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീടുകൾ മുഴുവനും കടലാക്രമണത്തിൽ ഒഴുകിപ്പോകുന്ന, കടപുഴകി എറിയപ്പെടുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുകയാണ്. കഴിഞ്ഞ ദിവസം റവന്യൂ വകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തപ്പോൾ ഇത് സൂചിപ്പിച്ചതാണ്. നിരവധി കുടുംബങ്ങൾ വീട് നഷ്ടപ്പെട്ട് കടലാക്രമണ ഭീഷണിയെത്തുടർന്ന് വഴിയാധാരമായി കിടക്കുന്ന സാഹചര്യം നമ്മുടെ നാട്ടിൽ ഇന്നുണ്ട്. അവരെ പുനരധിവസിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല എന്നുമാത്രമല്ല, ഓരോ ദിവസം കഴിയുംതോറും ഈ ഭീഷണി കൂടിക്കൂടി വന്ന് കൂടുതൽ ആളുകൾ വീടു നഷ്ടപ്പെട്ടവരായി തീരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. കടലിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശത്ത് അവർക്ക് വേറെ എവിടെയെങ്കിലും പോയി താമസിക്കാൻ കഴിയില്ല. കടലുമായി ബന്ധപ്പെട്ട് ഉപജീവനമാർഗ്ഗം സ്വീകരിക്കുന്ന ഇവരെ സംബന്ധിച്ചിടത്തോളം അവരെ പുനരധിവസിപ്പിക്കേണ്ടത് അടിയന്തിരാവശ്യമുള്ള കാര്യമാണ്. പക്ഷേ അവർ അവിടെ താമസിക്കുന്നതിനുപോലും ഭീഷണി നേരിടുന്ന രീതിയിൽ ഏറെ പ്രശ്നങ്ങൾ ഈ രംഗത്തുണ്ട്. മന്ത്രി ഇത് ശ്രദ്ധിക്കണം. കടലാക്രമണ ഭീഷണി അത്യന്തം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഇതിനെ നേരിടുന്നതിന് വേണ്ടിയുള്ള നമ്മുടെ സർക്കാരിന്റെ സമീപനം എന്താണ്? കഴിഞ്ഞ കുറേ വർഷങ്ങളായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് കിട്ടുന്ന തുകയും നാമമാത്രമായതാണ്. സാധാരണഗതിയിൽ അതിർത്തി

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശമായി കണക്കിലെടുത്ത് ഈ തീരപ്രദേശങ്ങളിൽ കടൽഭിത്തി കെട്ടുന്ന തിനാവശ്യമായ സഹായങ്ങൾ ഗവൺമെന്റ് നൽകാറുണ്ടെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്ത് ഇത്തരം സമീപനം കുറെക്കാലമായി ഇല്ല. അതു കൊണ്ട് നമ്മുടെ സംസ്ഥാന ഗവൺമെന്റിന് വളരെ തുച്ഛമായ തുക പ്ലാൻ ഫണ്ടിൽ നീക്കിയിരിക്കുന്നതു മാത്രമാണ് ഈ കടൽഭിത്തി ഉണ്ടാക്കുന്നതിന് നമ്മൾ വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇത് തീരപ്രദേശങ്ങളിൽ താമസിക്കുന്നവരെ സംബന്ധിച്ചിടത്തോളം നാമമാത്രമായ രീതിയിൽ അവർക്ക് യാതൊരു ഗുണവും ചെയ്യാത്ത രീതിയിലാണ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. മുകളിൽ ആകാശവും താഴെ ഭൂമിയുമായി കിടക്കുന്ന, തീരപ്രദേശങ്ങളിൽ കിടക്കുന്ന, ആളുകൾ കിടക്കാൻ കൂരയില്ലാതെ എവിടെയെങ്കിലും തീരപ്രദേശത്ത് ഒരു കൂരകെട്ടി താമസിച്ചാൽ അവിടെ പോലും ഭീഷണി നേരിട്ട് ആ കൂര നഷ്ടപ്പെടുന്ന സാഹചര്യമാണ് ഇന്നുള്ളത്.

"പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്

മനുഷ്യപുത്രന് തല ചായ്ക്കാൻ മണ്ണിലിടമില്ല" എന്നു പറഞ്ഞതുപോലെയാണ് തീരപ്രദേശത്തു താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സ്ഥിതി. ഇതിന് മാറ്റമുണ്ടാക്കാൻ എന്തുചെയ്യാൻ പറ്റുമെന്നുള്ളത് വളരെ ഗൗരവതരമായി നമ്മൾ ചർച്ച ചെയ്തതാണ്, പക്ഷെ പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാകുന്നില്ല. കടലാക്രമണ സീസണിൽപോലും കേരളത്തിലെ തീരപ്രദേശങ്ങളിൽ, എന്റെ നിയോജകമണ്ഡലമായ ആലപ്പുഴ ഉൾപ്പെടെ, അതുപോലെ ജില്ലയിലെ പ്രധാനപ്പെട്ട സംരംഭങ്ങൾ, ജില്ലാ ആശുപത്രി ഉൾപ്പെടെ, തകർന്നുപോകത്തക്ക രീതിയിൽ കടലാക്രമണ ഭീഷണി രൂക്ഷമാകുകയാണ്. നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി അവിടെ പോയി ഏകകണ്ഠമായി ഒരു റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചതാണ്. ഇറിഗേഷൻ വകുപ്പ് സെക്രട്ടറി അവിടെ മിന്നൽ പരിശോധന നടത്തിയതാണ്. രണ്ടു വർഷം കഴിഞ്ഞു, മന്ത്രി പല പ്രാവശ്യം അവിടെ പോയി ഇതുവരെ ഭിത്തി കെട്ടാനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. മിക്കവാറും പ്രദേശങ്ങളിൽ ഒരു വർഷത്തിൽ മൂന്നിൽ ഒന്നു ഭാഗമെങ്കിലും മെയിന്റനൻസ് ചെയ്യണമെന്നാണ് ഇറിഗേഷൻ വകുപ്പ് പറയുന്നത്. പക്ഷെ മെയിന്റനൻസ് ചെയ്യുന്നതിന് യാതൊരു സംവിധാനവും നമ്മുടെ നാട്ടിലില്ല. മെയിന്റനൻസ് നടക്കുന്നില്ല. അതുമൂലം ഈ കഴിഞ്ഞ സീസണിൽതന്നെ വെള്ളപ്പൊക്കമുണ്ടായപ്പോൾ കടലാക്രമണ ഭീഷണി എല്ലായിടത്തും ഉണ്ടായി. നിരവധി കുടുംബങ്ങളെ മാറ്റി താമസിപ്പിക്കപ്പെട്ടു, വീടുകൾ നശിച്ചുപോകുന്ന അവസ്ഥയുണ്ടായി. കഴിഞ്ഞ വർഷത്തിൽ ഞാൻ സൂചിപ്പിച്ചതാണ് എന്റെ നിയോജകമണ്ഡലത്തിൽ മാത്രം 53 കുടുംബങ്ങളെ കടലാക്രമണഭീഷണി നേരിട്ടതുമൂലം മാറ്റി പാർപ്പിക്കേണ്ടി വന്നു. കാസർഗോഡു മഞ്ചേശ്വരം മുതൽ പാറശ്ശാലവരെയുള്ള തീരപ്രദേശങ്ങളിലുള്ളവരുടെ സ്ഥിതിയാണിത്. ഇതിന് മാറ്റം ഉണ്ടാക്കാൻ വേണ്ടിയിട്ടുള്ള സമീപനം ഉണ്ടാകേണ്ടത് അനിവാര്യമായിട്ടുണ്ട്. ഈ മെയിന്റനൻസ് വർക്ക് നടത്താൻ വേണ്ടി കോൺട്രാക്ട് വിളിച്ചിട്ടുണ്ട്, പക്ഷെ കോൺട്രാക്ടർമാർ എടുക്കാൻ തയ്യാറല്ല. പല സ്ഥലത്തും കാശ് കൊടുക്കുന്നില്ല എന്നുള്ളതാണ് അവർ പറയുന്ന ആക്ഷേപം. കഴിഞ്ഞ കാലങ്ങളിൽ നടത്തിയ വർക്കിന്റെ കാശ് കൊടുക്കാത്തതുമൂലവും മെയിന്റനൻസ് പണികൾ നടപ്പിലാക്കാത്തതുമൂലവും ഈ രംഗത്ത് ഉണ്ടായിരിക്കുന്ന വളരെ ഗൗരവതരമായ പ്രശ്നം മന്ത്രി വളരെ ഗൗരവതരമായി കഴിഞ്ഞ വർഷം പറഞ്ഞു. കേന്ദ്രത്തിൽ കുറേ സ്കീംസ് സമർപ്പിച്ചിട്ടുണ്ട് എന്ന് മന്ത്രി പറഞ്ഞു, സ്കീം സമർപ്പിച്ചതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടു മാത്രമായില്ല. ഇത് നടപ്പിൽ വരുത്തുന്നതിനുവേണ്ടി ശ്രമിക്കണം. അങ്ങയുടെ ഗവൺമെന്റ് ഈ കാര്യത്തിൽ മൽസ്യത്തൊഴിലാളി മേഖലയെ പൊതുവെ അവഗണിച്ചിരിക്കുകയാണ്. ഏറ്റവും കൂടുതൽ പ്രശ്നമായിരിക്കുന്ന ഇതിന് അടിയന്തിര പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിക്കണം. അങ്ങ് ഡൽഹിയിൽ പോയി മന്ത്രിമാരെ കണ്ട് ഈ കാര്യത്തിൽ നേരത്തെ സൂചിപ്പിച്ചതുപോലെ തീരപ്രദേശത്തെ സംരക്ഷണം എന്നു പറയുന്നത് അതിർത്തി സംരക്ഷണത്തിന്റെ ഭാഗമായിട്ടുതന്നെ കണക്കിലെടുത്തുകൊണ്ട് ഇതിനാവശ്യമുള്ള തുക അവിടെനിന്ന് കൊണ്ടുവരണം. അതുപോലെ മറ്റ് ഏജൻസികളെ സമീപിക്കണം. ആലപ്പുഴയിലെ ബഹുമാന്യനായ ബിഷപ്പ് ഒരു പ്രോജക്ട് ഗവൺമെന്റിന് സമർപ്പിച്ചതാണ്. അദ്ദേഹം ഹോളണ്ടിൽ പോയി അവിടത്തെ കടൽഭിത്തി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതു കണ്ടുപഠിച്ചതിനുശേഷം ഈ റിപ്പോർട്ട് അവിടെ സമർപ്പിക്കാമെന്ന് പറഞ്ഞു. ഒരു റിപ്പോർട്ട് സമർപ്പിച്ചു. അവർ സഹകരിക്കാമെന്ന് പറഞ്ഞു. അങ്ങയുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു പോസിറ്റീവായിട്ടുള്ള റിയാക്ഷൻ ഉണ്ടായിട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെ പല ഏജൻസികളും ഉണ്ട്. ഇവരെയൊക്കെ കോ-ഓർഡിനേറ്റു ചെയ്തുകൊണ്ട് നമ്മുടെ നാട്ടിലെ മുഴുവൻ ആളുകളെയും കണ്ടുകൊണ്ട് ഒരു സംവിധാനം നമ്മുടെ നാട്ടിൽ ഉണ്ടാക്കേണ്ടതായിട്ടുണ്ട് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ കാര്യത്തിൽ ഗൗരവതരമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല എങ്കിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ തീരപ്രദേശമാകെ ഇല്ലാതാകുന്ന സാഹചര്യം ഉണ്ടാകും. തീരദേശസംരക്ഷണ നിയമം വന്നു, ആ നിയമത്തിന്റെ ദുരന്തഫലങ്ങൾ കേരളം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ കടലാക്രമണ ഭീഷണി നടന്ന കുടുംബങ്ങളെപ്പോലും രക്ഷിക്കാൻ കഴിയുന്നില്ല, എങ്കിൽ തീരപ്രദേശം മുഴുവൻ വെള്ളത്തിലായി കടൽ വിഴുങ്ങികൊണ്ടു പോകുന്ന സാഹചര്യം ഉണ്ടാകും എന്നുള്ളതാണ്. അതുകൊണ്ട് ഇത് സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ പ്രാവശ്യം പ്ലാൻ ഫണ്ടിലേക്ക് കൊടുത്തിരിക്കുന്നത് വളരെ തുച്ഛമായ സംഖ്യയാണ്. അങ്ങ് അഡീഷണൽ ആതറൈസേഷനിലൂടെ, സപ്ലിമെന്ററി ഡിമാന്റിലൂടെ കൂടുതൽ തുക ആവശ്യപ്പെടണം. കേന്ദ്ര ഗവൺമെന്റിന്റെ കാശ് കിട്ടുന്നതുവരെയല്ല. അത്യാവശ്യ മെയിന്റനൻസ് നടത്താനും പുതിയ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ കടൽഭിത്തികെട്ടാനും ആവശ്യമായ തുക ധനകാര്യ വകുപ്പിൽ നിന്ന് വാങ്ങിക്കാൻ അങ്ങ് ഈ സപ്ലിമെന്ററി ഡിമാന്റിലൂടെ, അല്ലെങ്കിൽ അഡീഷണൽ ആതറൈസേഷനിലൂടെ ചോദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് വളരെ ഗൗരവതരമായി അങ്ങ് എടുക്കുന്നില്ല. അങ്ങ് തന്നെ ആലപ്പുഴയിൽ വന്ന് പ്രസംഗിച്ചുപോയി, ഞാൻ പദ്ധതി നടപ്പിലാക്കാൻ പോകുന്നു എന്ന്. മാസം രണ്ടുകഴിഞ്ഞു, ഞാൻ കഴിഞ്ഞ ദിവസം പോയപ്പോൾ അവിടത്തെ മൽത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നെല്ലാം കൂട്ടമായി പരാതി വന്നു, ജനപ്രതിനിധികൾക്കാർക്കും അവിടെ പോകാൻ കഴിയുന്നില്ല. തീരപ്രദേശങ്ങളിലെ സെൻസേഷൻ അങ്ങേയ്ക്ക് നന്നായിട്ടറിയാം. ഇത്രയും ഗുരുതരമായ ഒരു സംഭവവികാസം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നത് ഗൗരവതരമായി കാണണം. അതുകൊണ്ട് മൂന്നു വർഷക്കാലത്തെ സംഭവം അങ്ങ് എടുത്തുനോക്കണം. മൂന്നു വർഷമായി എത്ര കടൽ ഭിത്തികൾക്ക് മെയിന്റനൻസ് നടത്തി, പുതിയതായി എത്ര കെട്ടി? ഈ ഗവൺമെന്റിന്റെ മാത്രം കുറ്റമല്ല. കഴിഞ്ഞ കുറച്ചു നാളായി കേന്ദ്ര സഹായം കിട്ടുന്നില്ല, അത് ഞാൻ സമ്മതിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അത് കിട്ടുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ അങ്ങ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് മതിയായ രീതിയിൽ കടൽഭിത്തി കെട്ടുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഇതിനുവേണ്ടി പ്രത്യേകം സ്കീം ഉണ്ടാക്കി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി, കേന്ദ്ര സഹായം ഒരു ഭാഗത്ത് വാങ്ങുകയും മറുഭാഗത്ത് കേരള ഗവൺമെന്റിന്റെ വിഹിതം വർദ്ധിപ്പിച്ച് കൂടുതൽ പ്രദേശങ്ങളിൽ കടൽഭിത്തി മെയിന്റനൻസ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, സംസ്ഥാന തീരപ്രദേശത്ത് കാലവർഷത്തോടനുബന്ധിച്ചുണ്ടാകുന്ന ശക്തമായ കടലാക്രമണത്തെ ഫലപ്രദമായി തടയുന്നതിന് കടൽഭിത്തി നിർമ്മാണവും, നിലവിലുള്ള കടൽഭിത്തികളുടെ അറ്റകുറ്റപ്പണികളും ആവശ്യമായ ഘടകങ്ങൾ തന്നെയാണ്. ഇവ കൃത്യമായി നടപ്പിലാക്കുന്നതിന് ഭീമമായ തുക ആവശ്യമാണ്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തികസ്ഥിതി ആയതിലേയ്ക്ക് തുലോം അപര്യാപ്തമാണ്. 1992-93 സാമ്പത്തികവർഷം മുതൽ പ്ലാനിംഗ് കമ്മീഷന്റെ തീരുമാനപ്രകാരം കടലാക്രമണനിരോധന പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല. കേന്ദ്രസഹായം ലഭിക്കാത്തത് നമ്മുടെ സംസ്ഥാന ഗവൺമെന്റ് അവിടെ സമ്മർദ്ദം ചെലുത്താഞ്ഞിട്ടല്ലാതെയല്ല. പ്ലാനിംഗ് കമ്മീഷൻ പൊതുവായി മറ്റ് എല്ലാ സംസ്ഥാനങ്ങളിലും നൽകിക്കൊണ്ടിരുന്ന ഇതിനുള്ള അലോട്ട്മെന്റ് അവസാനിപ്പിച്ചതിന്റെ ഫലമായിട്ട് കൂടിയാണ് നമുക്കും അത് നഷ്ടപ്പെട്ടുപോയത്. എന്തായാലും തീർച്ചയായിട്ടും മറ്റ് എല്ലാ സംസ്ഥാനങ്ങളിൽ നിന്നും പ്ലാനിംഗ് കമ്മീഷൻ പ്രോജക്ട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് നമ്മൾ 307 കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. അവരുമായി ചർച്ച ചെയ്തു. അവർ അനുകൂലമായ നിലയിൽ ചിന്തിക്കുന്നു എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. അത് നേടിയെടുത്താൽ കുറെയൊക്കെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. കേരളത്തിന്റെ 560 കിലോമീറ്റർ കടൽത്തീരത്തിൽ 448 കിലോമീറ്റർ ദൂരം സൂക്ഷ്മമായ കടലാക്രമണത്തിന് വിധേയമായിട്ടുണ്ട്. നാളിതുവരെ 360.7 കിലോമീറ്റർ ദൂരം മാത്രമേ കടൽഭിത്തി നിർമ്മിച്ചിട്ടുള്ളൂ. ബാക്കി 87.42 കിലോമീറ്റർ ദൂരം ഇനിയും സംരക്ഷിച്ചു നിർത്തേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചുവരികയാണ്. അതുപോലെ നിലവിലുള്ള കടൽഭിത്തികൾ മുഴുവൻ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിക്കുന്നതിന് സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല. എങ്കിലും കഴിയുംവിധം മെയിന്റനൻസ് നടത്തി അവയെ സംരക്ഷിച്ചുപോരുന്നു. ആലപ്പുഴ ബീച്ചിൽ സൂക്ഷ്മമായ കടൽക്ഷോഭമുലം ഏതാണ്ട് 10 മീറ്റർ ദൂരത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. അതുപോലെ വിജയ പാർക്കിന്റെ തെക്കുപടിഞ്ഞാറെ മൂലയിലും 10 മീറ്ററോളം നീളത്തിൽ മതിൽ കടൽക്ഷോഭത്തിൽ തകർന്നിട്ടുണ്ട്. വിജയപാർക്കിന്റെ പടിഞ്ഞാറു ഭാഗത്തുള്ള കടൽഭിത്തികൾ 50 മീറ്ററോളം നീളത്തിൽ തകർന്നിട്ടുണ്ട്. വാടയ്ക്കൽ കടപ്പുറത്ത് മൂന്നുവീടുകൾ ഭാഗികമായി നഷ്ടപ്പെട്ടു. 20-ഓളം തെങ്ങുകൾ കടപുഴകി ഒഴുകിപ്പോയി. തുമ്പോളി ഭാഗത്ത് നാലു വീടുകൾക്ക് ഭാഗികമായ നാശനഷ്ടങ്ങളുണ്ടാകുകയും 15 തെങ്ങുകൾ കടപുഴകി വീഴുകയും ചെയ്തു. ആലപ്പുഴ ജില്ലാ ആശുപത്രിക്ക് സമീപം 35 ലക്ഷം രൂപ മതിപ്പുചെലവ് വരുന്ന 250 മീറ്റർദൂരം കടൽഭിത്തിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ആലപ്പുഴ പോർട്ടിന്റെ വികസനപ്രവർത്തനങ്ങൾക്ക് തുറസ്സായ സ്ഥലം ആവശ്യമാണെന്നതിനാൽ പോർട്ട് ഡയറക്ടർ 100 മീറ്റർ കടൽഭിത്തി നിർമ്മിക്കാൻ മാത്രമേ അനുവാദം തന്നിട്ടുള്ളൂ. അപ്രകാരം 100 മീറ്റർ

LIBRARY ARCHIVES Kerala Legislative Assembly

കടൽഭിത്തി നിർമ്മാണത്തിന് ലഭ്യമായ ദർഘാസ് അംഗീകരിക്കുകയും പണി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയുമാണ്. നഗരത്തിലെ വാടയ്ക്കൽ, ബീച്ച് തുടങ്ങിയ വാർഡുകളിൽ 300 മീറ്റർ ദൂരം കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. 50 മീറ്റർ നീളത്തിൽ പണികൾ പുരോഗതിയിലാണ്. ഈ പ്രദേശത്തെ കടൽഭിത്തിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി 4 പണികൾക്ക് ടെൻഡർ ചെയ്തു. ആ ടെൻഡർ സമർപ്പിക്കുവാൻ കരാറുകാർ ആരും മുന്നോട്ടുവരാത്തതിനാൽ ഇവയിൽ 2 പണികൾക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും മറ്റ് രണ്ട് പണികൾ റീ-ടെൻഡർ ചെയ്യുകയും ചെയ്തു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി 29-06-99 ആയിരുന്നു. ആരും തന്നെ ടെൻഡർ സമർപ്പിച്ചിട്ടില്ല. അത് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് തന്നെയായിരിക്കും കാരണം, കുറെ കുടിശ്ശിക കൊടുക്കാനുണ്ട് എന്നുള്ളത് സത്യമാണ്, ഈ കുടിശ്ശിക രണ്ടുമൂന്നു ഗഡുക്കളായി അടുത്ത. ഡിസംബറിനു മുൻപ് കൊടുക്കുന്നതിനെ സംബന്ധിച്ച് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യ ഗഡു ഈ അടുത്ത കാലത്തുതന്നെ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. രൂക്ഷമായ കടലാക്രമണം നടക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിലേയ്ക്കായി മണൽചാക്ക് അടുക്കിയും മറ്റും അടിയന്തിര സംരക്ഷണം നൽകുന്നതിനുവേണ്ട നിർദ്ദേശം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകിയിട്ടുണ്ട്.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ എനിക്ക് സമർപ്പിക്കാനുള്ള നിർദ്ദേശം ഈ കടലാക്രമണപ്രവർത്തനങ്ങളിൽ മെയിന്റനൻസ് നടത്തുന്ന കാര്യത്തിൽ ഉണ്ടായ പ്രവർത്തനപുരോഗതി വിലയിരുത്താൻ അങ്ങ് തീരപ്രദേശങ്ങളിലെ എം.എൽ.എ.മാരുടെ ഒരു യോഗം വിളിച്ചുകൂട്ടാൻ തയ്യാറാകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : വിളിച്ചുകൂട്ടാം സാർ, യാതൊരു ബുദ്ധിമുട്ടുമില്ല.

(2) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> . സർ, നമ്മുടെ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ബസ്സുകളിൽ 17.54 ശതമാനവും കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലാണ്. ഇതാണ് ഏറ്റവും വലിയ ട്രാൻസ്പോർട്ട് ഓർഗനൈസേഷൻ. നമ്മുടെ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്വകാര്യ സർവ്വീസുകൾ ലാഭം മാത്രം കണ്ടുകൊണ്ട് സർവ്വീസ് നടത്തുന്നവയാണ്. ഏറ്റവും ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് നടത്താൻ അനുവാദം നൽകുന്ന മോട്ടോർ വെഹിക്കിൾ ആക്ട് ആണ് ഇന്ന് നിലവിലുള്ളത്. അതുകൊണ്ടുതന്നെ ഏറ്റവും കൂടുതൽ ആളുകൾ യാത്ര ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി.യെ ആണ് ആശ്രയിക്കുന്നത്. സ്വകാര്യമേഖലയിലും പൊതുമേഖലയിലും 5482 ബസ്സുകളിൽ 3946 ബസ്സുകളാണ് കെ.എസ്.ആർ.ടി.സി.ക്ക് ഉള്ളത്. 58 ഡിപ്പോകളിൽ നിന്നായി 3622.26 ലക്ഷം കിലോമീറ്റർ ദൈർഘ്യം വരുന്ന 3946 ഷെഡ്യൂളുകൾ 4136 റൂട്ടുകളിൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുകയാണ്. 1996 മെയ് മാസം മുതൽ 1999 ജൂൺ മാസം വരെ 1259 പുതിയ ബസ്സുകൾ നിരത്തിലിറക്കുകയുണ്ടായി. സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3171 ഷെഡ്യൂളുകളും 3534 ബസ്സുകളും ഉണ്ടായിരുന്നു. അന്ന് ദിവസേന ശരാശരി 83.80 ലക്ഷം രൂപയായിരുന്നു വരുമാനം ഉണ്ടായിരുന്നത്. 99 ജൂൺ മാസം 3801 ഷെഡ്യൂളുകളും 3946 ബസ്സുകളും ആയി വർദ്ധിച്ചപ്പോൾ 111.19 ലക്ഷം രൂപയായി ഇതിന്റെ വരു

LIBRARY ARCHIVES Kerala Legislative Assembly